LIBRARY ARCHIVES Kerala Legislative Assembly

ഭൂമി കയ്യേറ്റങ്ങൾ

148 (1226) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മനുഷ്യാവകാശ കമ്മീഷന്റെ നിർദ്ദേശപ്രകാരം സംസ്ഥാനത്തെ ഭൂമി കയ്യേറ്റങ്ങളെ സംബന്ധിച്ച് ക്രൈംബ്രാഞ്ച് ഐ.ജി. കണ്ടെത്തിയ വിവരങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വിവരങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; റിപ്പോർട്ടിലെ കണ്ടെത്തലുകൾ എന്തെല്ലാമാണ്; റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ ;

(സി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മനുഷ്യാവകാശ കമ്മീഷൻ എന്തെങ്കിലും ഉത്തരവ് നൽകിയിട്ടുണ്ടോ; പ്രസ്തുത ഉത്തരവ് സർക്കാർ പാലിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തു; എവിടെയെല്ലാം; പ്രതിപട്ടികയിലുള്ള കയ്യേറ്റക്കാരുടെ പേരും കയ്യേറ്റത്തിന്റെ വിശദാംശങ്ങളും വ്യക്തമാക്കുമോ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

ഹെഡ് സർവ്വേയർമാരുടെ വാർഷിക ഇൻക്രിമെന്റ്

149 (1227) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വേ വകുപ്പിലെ ഹെഡ് സർവ്വേയർമാർക്ക് വാർഷിക ഇൻക്രിമെന്റ് നൽകുന്നതുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ നിന്നും വിധിയുണ്ടായിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത വിധി നടപ്പാക്കാൻ എന്തെങ്കിലും തടസ്സമുണ്ടോ ; ഇല്ലെങ്കിൽ അത് എന്നത്തേക്ക് നടപ്പാക്കുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഹെഡ് സർവ്വേയർ തസ്തികയിൽ പ്രൊബേഷൻ പ്രഖ്യാപിക്കുന്നതിന് റൂൾ 6 പ്രകാരം ടെസ്റ്റ് യോഗ്യത നേടേണ്ട ആവശ്യമില്ലെന്നും ഇവരുടെ തടഞ്ഞുവച്ചിട്ടുള്ള വാർഷിക ശമ്പള വർദ്ധനവ് കടിശ്ശിക അനുവദിച്ച് നൽകണമെന്നുമുള്ള ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 1-9-2014-ലെ ഉത്തരവിനെതിരെ സർക്കാർ സമർപ്പിച്ച OP(KAT) 79/15, 81/15, 83/15, 89/15, 88/15, 90/15, 96/15 എന്നീ അപ്പീൽ ഹർജികൾ 20-10-2015-ന് തള്ളി ഉത്തരവായിട്ടുണ്ട്.

(ബി) ഫയൽ സമയബന്ധിതമായി പരിശോധിച്ചുവരികയാണ്.

വ്യാജരേഖ ചമച്ച് പട്ടയം ലഭ്യമാക്കൽ

150 (1228) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ പെരിങ്ങോം വില്ലേജിൽ വ്യാജ രേഖ ചമച്ച് പട്ടയം ലഭ്യമാക്കാൻ ശ്രമിച്ചതുമായി ബന്ധപ്പെട്ട വിജിലൻസ് കേസ്സുകളുടെ കാര്യത്തിൽ വിശദീകരണ പത്രിക സമർപ്പിക്കണമെന്ന കോടതി ഉത്തരവ് പാലിക്കാതിരുന്ന സാഹചര്യം വിശദീകരിച്ച് ചീഫ് സെക്രട്ടറി ഹൈക്കോടതിയിൽ സമർപ്പിച്ച റിപ്പോർട്ടിന്റെ ഒരു പകർപ്പ് സഭയുടെ മേശപ്പുറത്ത് ലഭ്യമാക്കുമോ;

(ബി) കേസ് നടത്തിപ്പിൽ സർക്കാർ അഭിഭാഷകരുടെ ഭാഗത്ത് നിന്നുണ്ടായ വീഴ്ചകൾ പരിശോധിക്കുകയുണ്ടായോ എന്നും ഗുരുതര വീഴ്ചകൾ വരുത്തിയവർക്കെതിരെ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) പയ്യന്നൂർ പെരിങ്ങോം വില്ലേജിൽ വ്യാജരേഖ ചമച്ച് പട്ടയം ലഭ്യമാക്കാൻ ശ്രമിച്ചതുമായി ബന്ധപ്പെട്ട വിജിലൻസ് കേസ്സുകളുടെ നടത്തിപ്പിൽ സർക്കാർ അഭിഭാഷകരുടെ ഭാഗത്തുനിന്നും ഒരു വീഴ്ചയും ഉണ്ടായിട്ടില്ല. എന്നാൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിലെ Crl.M.C. Nos. 5111, 5345, 5613, 5706 & 7070 of 2014 എന്നീ കേസുകളിലെ 31-7-2015-ലെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഉത്തരവുപ്രകാരം ചീഫ് സെക്രട്ടറി അന്വേഷണം നടത്തുകയും റിപ്പോർട്ട് ഹൈക്കോടതി രജിസ്ട്രാർ ജനറലിന് നേരിട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഭാരതത്തിന്റെ ഭരണഘടനയുടെ അനുച്ഛേദം 211-ൽ "സുപ്രീം

LIBRARY ARCHIVES Kerala Legislative Assembly